## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 512 — 24.07. 2015 ൽ മറുപടിക്ക്.

### വേതന സുരക്ഷാപദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.എ.മാധവൻ<br>,, ടി.എൻ. പ്രതാപൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.ഡി.സതീശൻ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് വേതന സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനോടൊപ്പംതന്നെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കുന്നതിന്റെ അന്തിമഘട്ട നടപടികൾ തൊഴിൽ വകുപ്പിൽ പുരോഗമിച്ചു വരുന്നു. ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം, നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, കൂടാതെ തൊഴിലാളികൾക്ക് വേജ്സ്ലിപ്പ് ഓൺലൈൻ മുഖേന നേരിട്ട് ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും, 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം |

കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോ എന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയുന്നതാണ്.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(സി) വേതന സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1958-ലെ മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാരിന്റെ 08.07.2015-ലെ സ.ഉ. (അച്ചടി) നം. 84/2015/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും വിവിധ നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളുമായും സ്വകാര്യ തൊഴിലുടമാ പ്രതിനിധികളുമായും ചർച്ച നടത്തിയും വേതന സുരക്ഷാപദ്ധതിയുടെ പ്രാരംഭ ഘട്ടം വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ